"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ശ്രീ.മധു.എസ് -ന്റെ മകൻ ശ്രീ.അശ്വിൻ മധു- എൽ.ഡി ക്ലർക്ക് തസ്തികയിൽ നിയമനം നല്ലുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.168/2024/LSGD തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.അശ്വിൻ മധു സമർപ്പിച്ച 26.12.2022തീയതിയിലെ ആശ്രിതനിയമന അപേക്ഷ
4. 14.07.2023 ലെ സ.ഉ. (പി)നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2024 തീയതിയിലെ LSGD/PD/19366/2024-DEF7 നമ്പർ കത്ത്.
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 14.10.2024 തീയതിയിലെ DCALP/7764/2024-A7നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 22.08.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.മധു.എസ്-ന്റെ മകൻ ശ്രീ.അശ്വിൻ മധു (നികർത്തിൽ ഹൗസ്, പൂന്തോപ്പ് വാർഡ്, അവലക്കുന്ന് പി.ഒ, ആലപ്പുഴ-688006) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.മധു.എസ്-ന്റെ സേവനകാലം 02വർ ഷവും 02 മാസവും 22 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 10.01.1970, സർവീസിൽ പ്രവേശിച്ച തീയതി 01.06.2020 എന്നിങ്ങനെയാണ് . പ്രിൻസിപ്പൽ ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും യഥാക്രമം പരാമർശം 5,6 പ്രകാരം അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.അശ്വിൻ മധു എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകൾ വിജയിച്ചിട്ടുള്ളതും, ടിയാളുടെ ജനന തിയതി 28.11.2003 എന്നതുമാണ്. ടിയാളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (26.12.2022) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ശ്രീ.മധു.എസ്-ന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 3,34,716/-(മൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി എഴുന്നൂറ്റി പതിനാറ് മാത്രം) /- രൂപയാണെന്ന് ആര്യാട് സൗത്ത് വില്ലേജ്

ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (2)ൽ വ്യവസ്ഥ ചെയ്യുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (4) ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ആലപ്പുഴ നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 22.08.2022 തീയതിയിൽ മരണപ്പെട്ട ശ്രീ.മധു.എസ്-ന്റെ മകൻ ശ്രീ.അശ്വിൻ മധു-വിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ജില്ലാ കളക്ടർ ,ആലപ്പുഴ
സെക്രട്ടറി, ആലപ്പുഴ നഗരസഭ
ശ്രീ.അശ്വിൻ മധു, നികർത്തിൽ ഹൗസ്, പൂന്തോപ്പ് വാർഡ്, അവലക്കുന്ന് പി.ഒ, ആലപ്പുഴ-688006
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ (ആഡിറ്റ്) കേരള, തൃശ്ശൂർ
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 05-12-2024 13:22:18
സെക്ഷൻ ഓഫീസർ